LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നോ?

(എ-സി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിന് 19-1-2017-ലെ സ.ഉ.(സാധാ) 186/2017/റവ. പ്രകാരം അഡ്വ. കെ. ഗോപാലകൃഷ്ണൻ ചെയർമാനും ശ്രീ. സി. മോഹനൻ, ശ്രീ. എ.വേണുഗോപാൽ എന്നിവർ അംഗങ്ങളുമായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റി 7-9-2017-ന് സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ദേവസ്വം നിയമം കൊണ്ടുവരുന്നതിന് നടപടികൾ കൈകൊണ്ടിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ഇ) മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) നിയമ പരിഷ്കരണം സംബന്ധിച്ച് മേൽപ്പറഞ്ഞ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് എൻഡോവ്മെന്റ് ബിൽ 2021-ന്റെ കരട് കേരള ലോ റിഫോംസ് കമ്മീഷന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സർക്കാരിൽ ലഭ്യമായിട്ടുണ്ട്. കരട് ബില്ലിൽ അദ്ധ്യായം XIII പ്രകാരമുള്ള സാമ്പത്തിക ബാധ്യത നിർണ്ണയിക്കുന്നതിനുള്ള നടപടികൾ മലബാർ ദേവസ്വം ബോർഡ് മുഖാന്തരം നടന്നു വരുന്നു.

സ്വകാര്യ ക്ഷേത്ര ജീവനക്കാരുടെ വേതനം

100 (406) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ- ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദായ ക്ഷേത്രങ്ങളും കുടുംബക്ഷേത്രങ്ങളുമുൾപ്പെടെ എത്ര ഹിന്ദു ആരാധനാലയങ്ങൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേവസ്വം ബോർഡുകളുടെ പട്ടികയിൽ സംസ്ഥാനത്ത് ആകെ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ?

3058 ക്ഷേത്രങ്ങൾ (ഏകദേശം)

(സി) ദേവസ്വം ക്ഷേത്രങ്ങളെ എത്ര ബോർഡുകളാക്കി തിരിച്ചിട്ടുണ്ടെന്നും ഈ ക്ഷേത്രങ്ങളിൽ അതത് ക്ഷേത്രത്തിലെ വരുമാനത്തിൽ നിന്നാണോ ജീവനക്കാർക്ക് ശമ്പളം നൽകുന്നതെന്നും വ്യക്തമാക്കാമോ?

ദേവസ്വം ക്ഷേത്രങ്ങളെ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിങ്ങനെ അഞ്ച് ദേവസ്വങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ മലബാർ ദേവസ്വം ബോർഡ് ഒഴികെയുള്ള ദേവസ്വങ്ങളിൽ അതാത് ദേവസ്വത്തിന്റെ പൊതുവായ ഫണ്ടിൽ നിന്നുമാണ് ക്ഷേത്രജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതാത് ക്ഷേത്രങ്ങളിലെ വരുമാനത്തിൽ നിന്നുമാണ് ശമ്പളം നൽകുന്നത്. എന്നാൽ വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിൽ, ക്ഷേത്ര വരുമാനത്തിന്റെ 50 ശതമാനം വരുന്ന സംഖ്യ ജീവനക്കാരുടെ ശമ്പളത്തിനായി ചെലവഴിച്ചിട്ടും പൂർണ്ണമായ ശമ്പളം ജീവനക്കാർക്ക് നൽകുവാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ അത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുടിശ്ശികയായി വരുന്ന ശമ്പളം മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽ നിന്നുമാണ് അനുവദിക്കുന്നത്.

(ഡി) ദേവസ്വം ബോർഡിന്റെ കീഴിൽ അല്ലാത്ത ക്ഷേത്രങ്ങളിലെ മേൽശാന്തി, കീഴ്ശാന്തിമാർക്ക് ക്ഷേത്ര കമ്മിറ്റിക്കാർ നൽകുന്നത് നാമമാത്ര തുകയാണെന്നതും നിത്യവും ഭക്തരിൽ നിന്ന് കിട്ടുന്ന ദക്ഷിണയാണ് ഇവർക്കാശ്വാസമെന്നതും ലോക്ക്ഡൗണിൽ ക്ഷേത്രങ്ങൾ അടച്ചതോടെ വരുമാനം ഇല്ലാതായ ഇവർ ദുരിതജീവിതമാണ് നയിക്കുന്നതെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ സ്വീകരിച്ച പരിഹാര നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് പ്രകാരം സാമൂഹ്യ സുരക്ഷ പെൻഷനോ, വെൽഫെയർ ഫണ്ട് പെൻഷനോ ലഭിക്കാത്ത ബി.പി.എൽ., അന്ത്യോദയ അന്നയോജന കുടുംബത്തിന് 1,000 രൂപ സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ പൊതു തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്കായി മാത്രം പ്രത്യേക ധനസഹായം അനുവദിച്ചിട്ടില്ല.

പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡ്

101 (407) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം വരുമാനം കുറഞ്ഞ് പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മുഴുവൻ ക്ഷേത്ര ജീവനക്കാർക്കും ക്ഷേത്രങ്ങളുടെ വരുമാന പരിധി മാനദണ്ഡമാക്കാതെ ശമ്പളം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രധാനമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സംവിധാനമാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട്. വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, മാനദണ്ഡങ്ങൾക്ക് വിധേയമായി, മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ശമ്പള ധനസഹായ (കുടിശ്ശിക) അനുവദിച്ചു വരുന്നുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്, 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറമേ അനുവദിച്ച 20 കോടി രൂപയിൽ 19 കോടി രൂപയും, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് 3.20 കോടി രൂപയും, 2021-22 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് 5 കോടി രൂപയും അധിക ധനസഹായമെന്ന നിലയ്ക്ക് ക്ഷേത്രജീവനക്കാരുടെ ശമ്പള കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്.